# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 07 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് – 1

## കോവിഡ് 19 പ്രതിരോധത്തിന് ഇനി അണുനാശക തുരങ്കകവാടങ്ങളും

കോവിഡ് 19 വ്യാപനം തടയുന്നതിനായി ജില്ലാ ഭരണകൂടം അണുനാശക തുരങ്കകവാടങ്ങൾ (സാനിറ്റൈസർ ടണൽ) ഒരുക്കി. ആദ്യഘട്ടത്തിൽ ശക്തൻ മാർക്കറ്റ്, ജില്ലാ ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഹൈപ്പൊ ക്ലോറേറ്റ് മിശ്രിതം പുകമഞ്ഞ് പോലെ കടത്തിവിട്ട് അണുവിമുക്തമാക്കുന്ന പ്രവേശന കവാടങ്ങൾ സ്ഥാപിച്ചത്. തുരങ്കസമാനായ കവാടത്തിലൂടെ കടന്നുപോകുമ്പോൾ പോകുന്നയാളിന്റെ ദേഹത്ത് അണുനാശിനി പുകമഞ്ഞ് പോലെ മൂടി ആളിനെ മൊത്തം അണുവിമുക്തമാക്കുന്നതാണ് അണുനാശക തുരങ്കത്തിന്റെ പ്രവർത്തനം. ശക്തൻ മാർക്കറ്റിലും ജില്ലാ ജനറൽ ആശുപത്രിയിലും പ്രവേശിക്കുന്നവർ ഇനി മുതൽ ഈ കവാടത്തിലൂടെ കടന്നു വേണം പോകാൻ. ചാവക്കാട്, ചാലക്കുടി, ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രികൾ, തൃശൂർ ഗവ. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും അണുനാശക തുരങ്ക കവാടം ഒരുക്കാൻ ജില്ലാ ഭരണകൂടത്തിന് പദ്ധതിയുണ്ട്. ശക്തൻ മാർക്കറ്റിലെ തുരങ്കകവാടം കഴിഞ്ഞ ദിവസം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ, ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി. ജില്ലാ ജനറൽ ആശുപത്രിക്ക് മുന്നിൽ ചൊവ്വാഴ്ച (ഏപ്രിൽ 7) യാണ് തുരങ്ക കവാടം ഒരുക്കിയത്. ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ, മേയർ അജിത ജയരാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ്, ഡിഎംഒ ഡോ. കെ ജെ റീന, മറ്റ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ ജില്ലാ ജനറൽ ആശുപത്രിയിലെ അണുനാശക തുരങ്കകവാടം സന്ദർശിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: തൃശൂർ ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച് സാനിറ്റൈസർ ടണലിലൂടെ കടന്നു പോകുന്ന ഗവ. ചീഫ് വിപ് കെ രാജൻ, നഗരസഭ മേയർ അജിത ജയരാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവർ***

## സേവനങ്ങൾ വിളിപ്പുറത്ത്; കുന്നംകുളം നഗരസഭ 24 X 7

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ 24 മണിക്കൂറായി നീട്ടി ജനങ്ങൾക്കൊപ്പം കുന്നംകുളം നഗരസഭ. 'വിളിക്കൂ ഞങ്ങൾ ഒപ്പമുണ്ട്' എന്ന സന്ദേശം നൽകിയാണ് ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ നഗരസഭ രംഗത്തെത്തിയിരിക്കുന്നത്.

നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിലാണ് 24 മണിക്കൂർ സേവന പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ലോക്ക് ഡൗൺ മൂലം പുറത്തിറങ്ങാൻ കഴിയാത്ത നഗരസഭ പ്രദേശത്തെ ജനങ്ങളുടെ ജീവിത പ്രശനങ്ങൾക്ക് വളരെ പെട്ടെന്ന് പരിഹാരം കണ്ടെത്തി അവരെ മുന്നോട്ട് നയിക്കുന്ന ശ്രമകരമായ ഇടപെടൽ കൂടിയാണിത്.

ഗവ.ബോയ്സ് ഹൈസ്ക്കൂളിലെ അഗതികളുടെ താമസം, അതിഥി തൊഴിലാളികളുടെ താമസം, ഇതിനു പുറമെ സമൂഹ അടുക്കളയുടെ നടത്തിപ്പ്, രാത്രികാലങ്ങളിലെ ഭക്ഷണ വിതരണം, തെരുവ് നായ്ക്കൾക്കുള്ള ഭക്ഷണ വിതരണം എന്നിവയാണ് സംഘാംഗങ്ങളുടെ ഒരു ദിവസത്തെ പ്രധാന ജോലികൾ. ഇതിനു പുറമെ കമ്യൂണിറ്റി കിച്ചനിലേയ്ക്കുള്ള ഭക്ഷണ സാധന സാമഗ്രികളും ഇവർ ഉത്തരവാദിത്വത്തോടെ സംഘടിപ്പിക്കുന്നു.

ജനങ്ങൾ കൂട്ടം കൂടി നിൽക്കുന്ന നഗരസഭ പ്രദേശത്തെ വിവിധ സ്ഥലങ്ങൾ അണുവിമുക്തമാക്കൽ, കോവിഡ് വ്യാപനമുണ്ടായാൽ രോഗികളെ പാർപ്പിക്കാൻ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കൽ തുടങ്ങിയ ജോലികളും ഇവർ ചെയ്തു വരുന്നുണ്ട്. നഗരസഭ സെക്രട്ടറി കെ.കെ.മനോജിന് പുറമെ ഹെൽത്ത് സൂപ്പർവൈസർ കെ.എസ് ലക്ഷ്മണൺ, ഹെൽത്ത് ഇൻസ്പെകൂർമാരായ സനൽ, കമല, ജൂനിയർ ഹെൽത്ത് ഇൻസ്പെകൂർമാരായ ജയകുമാർ, ആസിയ, രാജീവ്, അൽത്താഫ് റഹ്മാൻ, സാഫീറ, സംഗീത, രാമാനുജൻ, നഗരസഭ ജിവനക്കാരായ സുമൻ, ദിലിപ്, അനൂപ്, ദേവസി എന്നിവരും സംഘത്തിലുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് പശ്ചാത്തലത്തിൽ 24 മണിക്കൂറും സേവന പ്രവർത്തനങ്ങൾ നടത്തുന്ന കുന്നംകുളം നഗരസഭ പ്രവർത്തകരുടെ സംഘം***

# ജനങ്ങൾക്ക് ഉപകാരപ്രദമായി മൊബൈൽ പോസ്റ്റ് ഓഫീസ്

കോവിഡ് 19 പശ്ചാത്തലത്തിൽ ഉപഭോക്താക്കൾക്ക് അത്യാവശ്യ പണമിടപാടുകൾ നടത്തുന്നതിനായി സൗകര്യമൊരുക്കുന്ന മൊബൈൽ പോസ്റ്റ് ഓഫീസ് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാവുന്നു. ഗുരുവായൂർ സബ് ഡിവിഷൻ പോസ്റ്റോഫീസിന്റെ നേതൃത്വത്തിലാണ് മൊബൈൽ പോസ്റ്റോഫീസ്. പണം നിക്ഷേപിക്കൽ, പിൻവലിക്കൽ, ഇൻഷൂറൻസ് തുക നിക്ഷേപിക്കൽ എന്നിവ മൊബൈൽ പോസ്റ്റ് ഓഫീസിലൂടെ നടത്താനാവും. എ ടി എമ്മുകളിൽ പോകാതെ തന്നെ ജനങ്ങൾക്ക് ഏറെ സുരക്ഷിതമായ രീതിയിൽ പണമിടപാട് നടത്താം എന്നതാണ് ഇതിന്റെ പ്രധാന ഗുണം. മൊബൈൽ പോസ്റ്റ് ഓഫീസ് അണുവിമുക്തവുമാണ്.

കടവല്ലൂർ പഞ്ചായത്തിലെ കരിക്കാട്, കാട്ടകാമ്പാൽ പഞ്ചായത്തിലെ പഴഞ്ഞി, കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം, പുഴയ്ക്കൽ ബ്ലോക്കിലെ ചിറ്റാട്ടുകര എന്നിവിടങ്ങളിലാണ് മൊബൈൽ പോസ്റ്റ് ഓഫീസിന്റെ സേവനം ലഭ്യമായത്. ഗുരുവായൂർ സബ് ഡിവിഷണൽ ഇൻസ് പെക്ടർ എ വി ഹരിപ്രസാദ്, മെയിൽ ഓവർസീയർ വേണുഗോപാൽ, പോസ്റ്റൽ അസിസ്റ്റന്റ് ബിനീഷ് കുമാർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ടി സി പ്രസാദ് എന്നിവരുടെ നേതൃത്വത്തിലാണ് മൊബൈൽ പോസ്റ്റോഫീസ് പ്രവർത്തിക്കുന്നത്.

മൊബൈൽ പോസ്റ്റോഫീസ് പര്യടനം ഏപ്രിൽ 13 വരെ ജില്ലയിലെ വിവിധ ഇടങ്ങളിൽ നടത്തും. തൃശൂർ മുഖ്യ പോസ്റ്റോഫീസ്, വടക്കാഞ്ചേരി സബ് ഡിവിഷൻ എന്നിവയും ഇത്തരം പ്രവർത്തനം നടത്തും. ഏപ്രിൽ 10 ന് സേവനം ഉണ്ടാവില്ല.

***ഫോട്ടോ അടിക്കുറിപ്പ്: ജനങ്ങളുടെ അത്യാവശ്യ പണമിടപാടുകൾക്കായി പര്യടനം നടത്തുന്ന മൊബൈൽ പോസ്റ്റോഫീസ്***

# രോഗങ്ങളെ പ്രതിരോധിക്കുന്നതിന് മാലിന്യ സംസ്കരണ - ജലസംരക്ഷണ കാമ്പയിനുമായി ഹരിതകേരളം മിഷൻ

വീടുകളിലെ ശരിയായ മാലിന്യ സംസ്കരണ-ജലസംരക്ഷണ രീതികളിലൂടയും ആരോഗ്യശീലങ്ങളിലൂടെയും ശുചിത്വവും രോഗപ്രതിരോധവും ഉറപ്പാക്കുന്നതിന് ഹരിതകേരളം മിഷൻ കാമ്പയിൻ സംഘടിപ്പിക്കും. കോവിഡ് 19 പ്രതിരോധം ശക്തമാക്കുന്നതിനോടൊപ്പം ഡെങ്കിപ്പനി, എലിപ്പനി, വയറിളക്കം ഉൾപ്പെടെയുള്ള നിരവധി രോഗങ്ങളെ തടയുന്നതിന് മാലിന്യ സംസ്കരണം കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ടെന്നാണ് സർക്കാർ വിലയിരുത്തൽ. ഈ ലക്ഷ്യത്തോടെയാണ് ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് സഹായകരമാകുംവിധം

ലോകാരോഗ്യദിനമായ ഏപ്രിൽ ഏഴുമുതൽ ഇതിനായുള്ള കാമ്പയിന് തുടക്കം കുറിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുക, വീടുകളിൽ ശരിയായ മാലിന്യ സംസ്കരണ രീതികൾക്കുള്ള ബോധവത്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തും.

ഇക്കൊല്ലത്തെ മഴക്കാല പകർച്ചവ്യാധികൾ പൂർണ്ണമായും നിയന്ത്രണ വിധേയമാക്കുന്നതിൽ ആരോഗ്യവകുപ്പിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും പ്രവർത്തനങ്ങൾക്കു സഹായകമാകുംവിധം ലോക്ക് ഡൗണിനു ശേഷവും ഈ ക്യാമ്പയിൻ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് ലക്ഷ്യമിടുന്നത്.

വീട്ടിലെ ജൈവമാലിന്യങ്ങളുടെ സംസ്കരണ രീതികൾ, ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്ക് ശേഷം ഹരിതകർമ്മസേനയ്ക്ക് കൈമാറാനായി അജൈവ മാലിന്യങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള ചെറിയ ശേഖരണ സംവിധാനങ്ങൾ (മൈക്രോ എം.സി.എഫ്) വീടുകളിൽ സജ്ജമാക്കൽ, വീട്ടിലും പരിസര പ്രദേശങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കൽ, നല്ല ശുചിത്വ ശീലങ്ങൾ പാലിക്കൽ, എലികൾ പെരുകുന്ന സാഹചര്യം തടയൽ, മലിനജലം ഉപയോഗിക്കുന്നത് ഒഴിവാക്കൽ, ജലം കരുതലോടെ ഉപയോഗിക്കൽ, പച്ചക്കറിക്കൃഷി തുടങ്ങി ഒട്ടേറെ വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് ക്യാമ്പയിൻ.

എല്ലാ വീടുകളിലും മാലിന്യങ്ങൾ ശരിയായി തരംതിരിച്ച് സംസ്കരിക്കുക എന്നത് പാലിക്കണം. ആഹാരാവശിഷ്ടങ്ങൾ പോലെ അഴുകുന്ന മാലിന്യങ്ങൾ ബയോ കമ്പോസ്റ്ററിങ്, കുഴിക്കമ്പോസ്റ്റിങ്, പച്ചക്കറിക്കും മറ്റു വിളകൾക്കും വളമായി ചേർക്കൽ തുടങ്ങിയ രീതികളിലൂടെ സംസ്കരിക്കണം. പ്ലാസ്റ്റിക്, ഇലക്ട്രോണിക് വസ്തുക്കൾ പോലുള്ള മണ്ണിൽ ലയിക്കാത്ത മാലിന്യങ്ങൾ വലിച്ചെറിയരുത്. അവ തരം തിരിച്ച് വീടുകൾ ശേഖരിക്കണം. ലോക് ഡൗൺ സാഹചര്യം മാറുമ്പോൾ അവ ശേഖരിക്കുന്നതിന് തദ്ദേശ ഭരണ തലത്തിലുള്ള സംവിധാനങ്ങൾ പ്രവർത്തനക്ഷമമാവും. വീട്ടിലും വളപ്പിലും വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. വീടുകൾക്കൊപ്പം നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശരിയായി സംരക്ഷിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുകയും ചെയ്യണം. മാലിന്യങ്ങൾ വലിച്ചെറിയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം അധികൃതരെ അറിയിക്കണം. പ്ലാസ്റ്റിക് വസ്തുക്കൾ ഒരിക്കലും കത്തിക്കരുത്. കോവിഡ് മാലിന്യങ്ങൾ ഇതിനായുള്ള പ്രത്യേക നിർദേശങ്ങൾക്കനുസരിച്ച് അണുനാശനം ചെയ്ത് സംസ്കരിക്കണം.

മാലിന്യ സംസ്കരണ കാര്യങ്ങളിൽ സംശയനിവാരണത്തിന് ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്. കോവിഡ് നിയന്ത്രണപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ഹരിതകേരളം മിഷൻ രൂപം നല്കിയിട്ടുള്ള വാട്സാപ്പ് ഗ്രുപ്പുകൾ, കുടുംബശ്രീ വാട്ട്സാപ്പ് ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, യൂത്ത് വോളന്റിയർമാർ എന്നിവയിലൂടെ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ ബോധവത്കരണവും ഇടപെടലും നടത്തുമെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ അറിയിച്ചു.

## കമ്യൂണിറ്റി കിച്ചനിലേക്ക് കുടുംബശ്രീ സഹായം

കടങ്ങോട് ഗ്രാമപഞ്ചായത്തിൽ കോവിഡ് 19 പശ്ചാത്തലത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചനിലേക്ക് കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ പച്ചക്കറികളും ഭക്ഷണ പദാർത്ഥങ്ങളും വിതരണം ചെയ്തു. പഞ്ചായത്ത് പ്രദേശത്തെ സൗഭാഗ്യ, റഹ്മത്ത്, ആശീർവാദം, തേജസ്സ്, പൗർണ്ണമി എന്നീ കുടുംബശ്രീ യൂണിറ്റുകളാണ് പച്ചക്കറികളും ഭക്ഷണ പദാർത്ഥങ്ങളും നൽകിയത്. കുടുംബശ്രീ അംഗങ്ങൾ സ്വന്തമായി വിളയിച്ച പച്ചക്കറികളാണ് കമ്യൂണിറ്റി കിച്ചനിൽ എത്തിച്ചത്. കുടുംബശ്രീ ചെയർപേഴ്സൻ ദിവ്യ ഗിരീഷ് സാധങ്ങൾ ഏറ്റുവാങ്ങി.

## ചൂണ്ടലിൽ പച്ചക്കറി വിത്തുകൾ വീടുകളിലേക്ക്

കോവിഡ് 19 ലോക്ക് ഡൗൺ കാലത്ത് വീട്ടിൽ പച്ചക്കറി കൃഷി ചെയ്യാനായി ചീര, പയർ എന്നിവയുടെ വിത്തുകൾ ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ചൂണ്ടൽ പഞ്ചായത്തിന്റെ സഹകരണത്തോടെ വീടുകളിൽ എത്തിക്കുന്നു. വാർഡ്തല ആർ ആർ ടി വളണ്ടിയർമാർ മുഖേനയാണ് വിത്തുകൾ വീടുകളിലെത്തിക്കുന്നത്. എല്ലാ വാർഡിലും വിത്തു

വിതരണം ആരംഭിച്ചു. വിത്തുകൾ ആവശ്യമുള്ളവർ അതത് വാർഡ് മെമ്പർമാരിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. പഞ്ചായത്തിൽ നിരവധി വീടുകളിൽ കർഷകരുള്ള സാഹചര്യം കൂടി കണക്കിലെടുത്താണ് ഇത്തരം പ്രവർത്തനം നടത്തുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് കരീം അറിയിച്ചു.

# തീരദേശമേഖലയിൽ ഫിഷ് മാർക്കറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നു

സംസ്ഥാനത്ത് പരമ്പരാഗത മത്സ്യയാനങ്ങൾക്ക് നിയന്ത്രണങ്ങളോടെ മത്സ്യബന്ധനത്തിന് അനുമതി നൽകിയതോടെ തീരദേശമേഖലയിൽ മത്സ്യമാർക്കറ്റുകൾ സജീവമാകുന്നു. മത്സ്യ ലേലം കൂടാതെ മത്സ്യത്തിന്റെ വിൽപന നടത്തുവാൻ അനുമതി ലഭിച്ചതോടെ പതിമൂന്ന് ദിവസത്തെ ഇടവേളയ്ക്ക് ശേഷം അഴീക്കോട് ഫിഷ് മാർക്കറ്റ് തുറന്നു. കോവിഡ് 19 സമൂഹവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കച്ചവടക്കാരും തൊഴിലാളി സംഘടനകളുമായി ആലോചിച്ച് മാർക്കറ്റ് അടക്കുകയായിരുന്നു. ഭക്ഷ്യസുരക്ഷയും മത്സ്യതൊഴിലാളികളുടെ തൊഴിലും ഉറപ്പാക്കുന്നതിന് വേണ്ടി ജില്ലാ കളക്ടർ എസ് ഷാനവാസ് വിളിച്ച് ചേർത്ത യോഗത്തിലെ നിർദ്ദേശങ്ങളനുസരിച്ചാണ് മാർക്കറ്റ് തുറന്നത്. കർശന നിയന്ത്രണങ്ങളോടെയാണ് മാർക്കറ്റ് തുറന്ന് പ്രവർത്തിച്ചത്. സാധാരണ മുന്നൂറോളം കച്ചവടക്കാർ എത്തിയിരുന്ന മാർക്കറ്റിൽ 28 പേർ മാത്രമാണ് കച്ചവടത്തിനെത്തിയത്. കടലോര ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ഓരോരുത്തർക്കും ടോക്കൻ കൊടുത്താണ് മാർക്കറ്റിൽ പ്രവേശിപ്പിച്ചത്. സാമൂഹിക അകലം പാലിച്ചു കൊണ്ടായിരുന്നു മാർക്കറ്റിൽ പ്രവർത്തനം. തിരക്ക് ഒഴിവാക്കുന്നതിന് ഫിഷറീസ് വകുപ്പ്, പോലീസ്, റവന്യൂ, മത്സ്യഫെഡ് ഉദ്യോഗസ്ഥർക്കാണ് ചുമതല.

# പെരുമ്പിലാവിൽ പോലീസുകാർക്ക് ആരോഗ്യപരിശോധന നടത്തി

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി രാവും പകലും ഉറക്കമൊഴിച്ച് സ്റ്റേഷനുകളിലും നിരത്തുകളിലെ ചെക്ക് പോസ്റ്റുകളിലും ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യ പരിശോധന നടത്തി. പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ പരിശോധനകൾ പെരുമ്പിലാവ് സാന്ത്വനം പാലിയേറ്റീവ് ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിലാണ് നടത്തിയത്.

അക്കിക്കാവിലെ പോലീസ് ചെക്ക് പോസ്റ്റിൽ അസി. പോലീസ് കമ്മീഷ്ണർ ടി.എസ്. സിനോജ് ഉദ്ഘാടനം ചെയ്തു. സാന്ത്വനം പാലിയേറ്റീവ് പ്രസിഡന്റ് ഉസ്മാൻ കല്ലാട്ടയിൽ, വൈസ് പ്രസിഡന്റ് രാഗേഷ് പി രാഘവൻ, സെക്രട്ടറി എം.എ. കമറുദ്ദീൻ എന്നിവർ സന്നിഹിതരായി. കോട്ടോൽ ആൽഫ ക്ലിനിക്ക് ലാബ് ടെക്നീഷ്യൻ ഗീവർ കെ. ചെറിയാൻ, ജോക്കിൻ സി ജോസഫ് എന്നിവർ പ്രഷർ, ഷുഗർ പരിശോധനകൾ നടത്തി റിസൾട്ടുകൾ നൽകി. ആവശ്യമായ തുടർ പരിശോധനകളും സൗജന്യ മരുന്നു വിതരണവും നടത്തും.

# കാട്ടകാമ്പാലിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു

കോവിഡ് 19 പശ്ചാത്തലത്തിൽ കാട്ട കാമ്പാൽ പഞ്ചായത്തിൽ സർക്കാർ ആവിഷ്ക്കരിച്ച 'നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയുടെ ഭാഗമായി കൃഷിവകുപ്പിൽ നിന്ന് പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സി കെ സദാനന്ദന് കൃഷി ഓഫീസർ അമല വിത്തുകൾ നൽകി. പഞ്ചായത്ത് സെക്രട്ടി ശ്രീകുമാരി, വാർഡ് മെമ്പർമാരായ കൊടത്തൂർ ഗംഗാധരൻ, ടി എസ് മണികണ്ഠൻ എന്നിവർ പങ്കെടുത്തു. ഒരു വാർഡിൽ 250 കുടുംബങ്ങൾക്ക് വീതമാണ് പച്ചക്കറിവിത്ത് പാക്കറ്റുകൾ വിതരണം ചെയ്യുന്നത്.

## സഞ്ചരിക്കുന്ന റേഷൻ കട:
## 200 ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി

സഞ്ചരിക്കുന്ന റേഷൻ കട മുഖേന 200 ആദിവാസി കുടുംബങ്ങൾക്ക് പൊതുവിതരണ വകുപ്പ് സൗജന്യ റേഷൻ വിതരണം ചെയ്തു. ചാലക്കുടി താലൂക്ക് അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, മുക്കംപുഴ, വാച്ച്മരം, തവളക്കുഴിപ്പാറ, ആനക്കയം, വാഴച്ചാൽ, പുകലപ്പാറ, പെരിങ്ങൽക്കുത്ത് എന്നിവിടങ്ങളിലെ ആദിവാസി കുടുംബങ്ങൾക്കാണ് റേഷൻ വിതരണം ചെയ്തത്. റോഡിൽ വാഹനങ്ങൾ ഇല്ലാത്തതിനാൽ കാട്ടാനക്കൂട്ടം ഇറങ്ങി ഗതാഗതം തടസ്സപ്പെട്ടുവെങ്കിലും വിതരണം പൂർത്തിയാക്കിയെ മടങ്ങൂ എന്ന നിശ്ചയത്തിലായിരുന്നു ചാലക്കുടി റേഷനിംഗ് ഇൻസ്പെക്ടർ വിപിൻ രാജും സംഘവും. തുടർന്ന് കോളനികളിൽ എത്തിയ ഇവർ 35-ാം നമ്പർ റേഷൻ കട ലൈസൻസി പി ആർ രാജേഷ് വഴി റേഷൻ വിതരണം പൂർത്തിയാക്കി. ഡ്രൈവർ ഗിരീഷ് കുമാറാണ് അപകടം നിറഞ്ഞ വഴികളിലൂടെ സുരക്ഷിതമായി വിതരണം പൂർത്തിയാക്കാൻ അധികൃതരെ സഹായിച്ചത്. അതേസമയം, തൃശ്ശൂർ,തലപ്പിള്ളി താലൂക്കുകളിൽ കാർഡ് മാറി റേഷൻ വാങ്ങിയെന്ന് പരാതിപ്പെട്ട കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം വീണ്ടും നൽകിയെന്ന് അതത് താലൂക്ക് സപ്ലൈ ഓഫീസർമാർ അറിയിച്ചു.

തുടരും